



# കുടുംബശ്രീ വനിതകൾ ഡിസൈനർ മാസ്ക് നിർമ്മാണത്തിലേക്ക്

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീയ്ക്ക് കീഴിലുള്ള തയ്യൽ യൂണിറ്റുകൾ കോട്ടൺ മാസ്കുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് 'Making an Impact ' 206, മാസ്ക് നിർമ്മാണ പുരോഗതിയെക്കുറിച്ച് 'Making an Impact ' 217 എന്നീ ലേഖനങ്ങളിൽ പരാമർശിച്ചിരുന്നുവല്ലോ. കേരളത്തിലെമ്പാടുമുള്ള 306 തയ്യൽ യൂണിറ്റുകൾ വഴി ഇതുവരെ 32 ലക്ഷത്തോളം മാസ്കുകളാണ് നിർമ്മിച്ചത്. മാർച്ച് 15ന് ആരംഭിച്ച ഈ പ്രവർത്തനം ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയാണ്. കോവിഡ് 19 രോഗം വരാതിരിക്കാനുള്ള മുൻകരുതലിന്റെ ഭാഗമായി ഏവരും മാസ്കുകൾ ധരിക്കണമെന്ന് സർക്കാർ ഉത്തരവുണ്ട്. ഇതിനാൽ തന്നെ വൈവിധ്യമാർന്ന കോട്ടൺ മാസ്കുകൾ നിർമ്മിച്ച് ഈ മേഖലയിലെ അവസരങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്താനുള്ള നീക്കത്തിലാണ് ഞങ്ങൾ.

കുട്ടികൾ മുതൽ വയോജനങ്ങൾക്ക് വരെ അവരുടെ താത്പര്യത്തിന് അനുയോജ്യമായ രീതിയിലുള്ള ഡിസൈനർ മാസ്കുകൾ തയാറാക്കി വിപണിയിലെത്തിക്കാനുള്ള ശ്രമങ്ങൾ ഞങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ആദ്യഘട്ടമായി സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഏക ഡിസൈനർ സ്കൂളായ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡി

സൈൻ (കെഎസ്ഐഡി) മുഖേന കൊല്ലം ജില്ലയിലെ അപ്പാരൽ പാർക്കുകളിൽ നിന്നും തെരഞ്ഞെടുത്ത 50 കുടുംബശ്രീ വനിതകൾക്ക് ഡിസൈനർ മാസ്ക് നിർമ്മാണത്തിൽ ഒന്നര മാസം നീളുന്ന പരിശീലനം നൽകും. പത്ത് പേർ വീതമുൾപ്പെടുന്ന അഞ്ച് ബാച്ചുകളായാണ് പരിശീലനം നൽകുന്നത്. തെരഞ്ഞെടുക്കപ്പെട്ടവർക്ക് പൊതു അവബോധ പരിശീലനം നൽകി കഴിഞ്ഞു.

കോളേജ് വിദ്യാർത്ഥികൾക്കായി പ്രത്യേക ഡിസൈനിലുള്ള മാസ്കുകളും കൂടാതെ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും മറ്റും അവർ ആവശ്യപ്പെടുന്ന അസംസ്കൃത വസ്തുക്കളുപയോഗിച്ചും മാസ്കുകൾ നിർമ്മിച്ച് നൽകും. കോട്ടൺ, ലിനൻ, സിന്തറ്റിക് എന്നീ തുണികൾ ഉപയോഗിച്ച് സ്മോൾ, മീഡിയം, ബിഗ് എന്നീ മൂന്ന് അളവുകളിലുള്ള മാസ്കുകൾ നിർമ്മിക്കാനുള്ള പരിശീലനമാണ് നൽകുന്നത്. അവസരമുണ്ടാകുമ്പോൾ അത് തിരിച്ചറിഞ്ഞ് ഫലപ്രദമായി വിനിയോഗിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഡിസൈനർ മാസ്ക് നിർമ്മാണത്തിലേക്കുള്ള കുടുംബശ്രീയുടെ ചുവടുവയ്പ്പ്. എല്ലാ ജില്ലകളിലേക്കും ഈ പദ്ധതി വരുംകാലത്ത് വ്യാപിപ്പിക്കും. മികച്ച രീതിയിൽ പരിശീലനം പൂർത്തിയാക്കി താമസിയാതെ ഡിസൈനർ മാസ്കുകൾ വിപണിയിലെത്തിക്കാൻ സംരംഭകർക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.